**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2204** **12-02-2024 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ കോടതി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പയ്യന്നൂർ കോടതി കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണ് എന്ന് വിശദമാക്കാമോ; | (എ) | പയ്യന്നൂരിൽ ആറ് നിലകളുള്ള ഒരു കെട്ടിടസമുച്ചയമാണ് നിർമ്മിക്കുന്നത്. പയ്യന്നൂർ കോടതി സമുച്ചയത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ പ്ലാസ്റ്ററിംഗ്, ഇലക്ട്രിക്കൽ ജോലികൾ പൂർത്തിയായിട്ടുണ്ട്. ഒന്നാം നിലയിലെ പ്ലാസ്റ്ററിംഗ് പൂർത്തിയായി, ഇലക്ട്രിക്കൽ ജോലികൾ പുരോഗമിക്കുന്നു. രണ്ടാം നിലയിലെ പ്ലാസ്റ്ററിംഗ് ഏകദേശം പൂർത്തിയായിട്ടുണ്ട്, ഇലക്ട്രിക്കൽ ജോലികൾ ആരംഭിച്ചിട്ടുണ്ട്. മൂന്നാംനിലയുടെ കോൺക്രീറ്റ് പൂർത്തിയായി; ലാറ്ററൈറ്റ്, പ്ലാസ്റ്ററിംഗ് ജോലികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച് എന്നത്തേയ്ക്കു ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | പയ്യന്നൂർ കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിനായി 14 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ നിലവിലെ സാഹചര്യത്തിൽ സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ ഈ തുക അപര്യാപ്തമാണെന്ന് ഹൈക്കോടതി രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. അധികതുകയ്ക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) | പ്ലാനിൽ പറഞ്ഞിരിക്കുന്ന എല്ലാ ഘടകങ്ങളും പൂർത്തീകരിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (സി) | പയ്യന്നൂർ കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിനായി 14 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ നിലവിലെ സാഹചര്യത്തിൽ സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ ഈ തുക അപര്യാപ്തമാണെന്ന് ഹൈക്കോടതി രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. അധികതുകയ്ക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ